## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5765** **08-07-2024 - ൽ മറുപടിയ്ക്ക്**

## റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയ ഗോഡൗണുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അശാസ്ത്രീയമായി നിർമ്മിച്ച വാടക കെട്ടിടങ്ങളിലെ ഗോഡൗണുകളിൽ റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യധാന്യ വിതരണം സർക്കാർ എജൻസിയായ സപ്ലൈകോ എറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയുടെ സ്വന്തം ഗോഡൗൺ മുഖാന്തിരവും, CWC, SWC, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഗോഡൗണുകൾ വാടകയ്ക്ക് എടുത്തുമാണ് വാതിൽപ്പടി വിതരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.<br><br>ശാസ്ത്രീയ ഗോഡൗണുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ളതും മറ്റു വകുപ്പുകളിൽ നിന്നും വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുള്ളതുമായ സർക്കാർ ഭൂമികളിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും A.I.F (Agriculture Infrastructure Fund) ഉപയോഗിച്ചും ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി AIF (Agriculture Infrastructure Fund) ഉപയോഗിച്ച് സ.ഉ.(സാധാ)നം. 128/2023/ ഭ.പൊ.വി.വ തീയതി.24.03.2023 പ്രകാരം പീരുമേട്, ഉടുമ്പൻചോല കോന്നി (2) വെള്ളരിക്കുണ്ട്, പയ്യന്നൂർ, കൊച്ചി എന്നീ താലൂക്കുകളിലും സ.ഉ.(സാധാ)നം. 194/2023/ഭ.പൊ.വി.വ തീയതി 16.5.2023 പ്രകാരം സുൽത്താൻബത്തേരി താലൂക്കിലും സ.ഉ.(സാധാ)നം. 247/23/ഭ.പൊ.വി.വ തീയതി 16.6.23 പ്രകാരം കാസർകോഡ്, മഞ്ചേശ്വരം, വർക്കല എന്നീ താലൂക്കുകളിലും (ആകെ 11 താലൂക്കുകളിൽ) ശാസ്ത്രീയ ഗോഡൗൺ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. മറ്റ് താലൂക്കുകളിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സ്വകാര്യ വ്യക്തികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് ഗോഡൗൺ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരുന്നു. |
| (ബി) | ഇതിന് പരിഹാരമായി ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യധാന്യ വിതരണം സർക്കാർ ഏജൻസിയായ സപ്ലൈകോ ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയുടെ സ്വന്തം ഗോഡൗൺ മുഖാന്തിരവും, CWC, SWC, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഗോഡൗണുകൾ വാടകയ്ക്ക് എടുത്തുമാണ് വാതിൽപ്പടി വിതരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.<br><br>ശാസ്ത്രീയ ഗോഡൗണുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ളതും മറ്റ് വകുപ്പുകളിൽ നിന്നും വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുള്ളതുമായ സർക്കാർ ഭൂമികളിൽ വകുപ്പിന്റെ പ്ളാൻ ഫണ്ട് ഉപയോഗിച്ചും A.I.F (Agriculture Infrastructure Fund) ഉപയോഗിച്ചും ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി AIF (Agriculture Infrastructure Fund) ഉപയോഗിച്ച് സ.ഉ.(സാധാ)നം. 128/2023/ ഭ.പൊ.വി.വ തീയതി.24.03.2023 പ്രകാരം പീരുമേട്, ഉടുമ്പൻചോല കോന്നി (2) വെള്ളരിക്കുണ്ട്, പയ്യന്നൂർ, കൊച്ചി എന്നീ താലൂക്കുകളിലും സ.ഉ.(സാധാ)നം. 194/2023/ഭ.പൊ.വി.വ തീയതി 16.5.2023 പ്രകാരം സുൽത്താൻബത്തേരി താലൂക്കിലും സ.ഉ.(സാധാ)നം. 247/23/ഭ.പൊ.വി.വ തീയതി 16.6.23 പ്രകാരം കാസർകോഡ്, മഞ്ചേശ്വരം, വർക്കല എന്നീ താലൂക്കുകളിലും (ആകെ 11 താലൂക്കുകളിൽ) ശാസ്ത്രീയ ഗോഡൗൺ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. മറ്റ് താലൂക്കുകളിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സ്വകാര്യ വ്യക്തികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് ഗോഡൗൺ നിർമ്മിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ